പുനപരിശോധനനടത്താൻ ഗവൺമെന്റ് തയ്യാറാണ്. താൽക്കാലികമായി അവിടെ കൂടിയിറക്ക് നിർത്തിവെയ്ക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്. പക്ഷേ അത് എന്നന്നേക്കുമല്ല. കയ്യേറ്റക്കാരാണെങ്കിൽ ഇറക്കാതെ നിവൃത്തിയില്ല എന്ന കാര്യം കൂടി ഈ സന്ദർഭത്തിൽ ബഹുമാനപ്പെട്ട അംഗത്തെ ഞാൻ അറിയിക്കുകയാണ്.

V. റിപ്പോർട്ട് സമർപ്പണം

2004-ലെ കേരള ഭൂജലം (നിയന്ത്രണവും ക്രമീകരണവും) ഭേദഗതി ബിൽ

ജലവിഭവ വകുപ്പു മന്ത്രി (ശ്രീ. ടി. എം. ജേക്കബ്): സർ, 2004-ലെ കേരള ഭൂജലം (നിയന്ത്രണവും ക്രമീകരണവും) ഭേദഗതി ബില്ലിനെ സംബന്ധിച്ച് സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ഞാൻ സമർപ്പിക്കുന്നു.

VI. പ്രത്യേക പരാമർശം

(1) ചട്ടങ്ങൾ മേശപ്പുറത്തു വയ്ക്കാത്തതു സംബന്ധിച്ച്

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ, ഈ നിയമസഭയിൽ ഒരു നിയമം കൊണ്ടുവന്ന് ബില്ല് പാസാക്കി അത് ആക്ട് ആയി കഴിഞ്ഞാൽ ഏറ്റവും അടുത്ത നിയമസഭാ സമ്മേളനത്തിൽ അതിന്റെ ചട്ടങ്ങൾ മേശപ്പുറത്തു വയ്ക്കണമെന്നുള്ളത് ഈ നിയമ നിർമ്മാണത്തിലെ ഏറ്റവും പ്രധാനപ്പെട്ട കാര്യമാണ്. റവന്യു വകുപ്പിൽ നിന്ന് പുറത്തിറക്കിയ രണ്ട് ചട്ടങ്ങൾ ഈ നിയമസഭയിൽ വച്ചിട്ടില്ല. 25-ാം തീയതി നിയമസഭ സമ്മേളനം ആരംഭിച്ചു. 28-6-2004-നും 9-7-2004-നും ഗവൺമെന്റ് റിപ്പോർട്ടുകളും എസ്. ആർ. ഒ.-കളും ഈ സഭയിൽ വച്ചിട്ടുള്ളതാണ്. ഞാൻ അതെല്ലാം പരിശോധിച്ചു. രണ്ട് എസ്. ആർ. ഒ., S. R. O. No. 500/2004 dt. 14-5-2004, S. R. O. No. 979/2003 dt. 22-10-2003, ഈ രണ്ട് എസ്. ആർ .ഒ.-കളിൽ ഒന്ന് ഇന്നലെ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ്—വളരെ ഗൗരവമായ ഒരു പ്രശ്നം—പാട്ടത്തുക വെട്ടിക്കുറച്ചു സർക്കാരിന് നഷ്ടം ഉണ്ടാക്കിയതുസംബന്ധിച്ച് വളരെ വ്യക്തമായ കണക്കുകൾ സഹിതം ഇവിടെ സംസാരിച്ച് ആരോപണങ്ങൾ ഉന്നയിച്ചപ്പോൾ അതിന് മറുപടി പറയുന്ന കൂട്ടത്തിൽ മേശപ്പുറത്തു വയ്ക്കുന്നു എന്ന് പറഞ്ഞു, ഈ നിയമസഭയിൽ ഒരു മന്ത്രിയുടെ ഉത്തരവാദിത്തമാണ് ആ ചട്ടങ്ങൾ ഇവിടെ വയ്ക്കേണ്ടത്. അതിന്റെ ഭാഗമായി ഈ ചട്ടം വച്ചത് പരിശോധിച്ചപ്പോൾ ഇത് ഇറങ്ങിയിട്ടുള്ളത് 2004 മെയ് 18-നാണ്. മെയ് 14 ഡേറ്റുള്ള ഈ ജി. ഒ. ഇറങ്ങിയത്. ജി.ഒ.പി.നമ്പർ 126/2004/ആർ.ഡി. റവന്യു ഡിപ്പാർട്ടുമെന്റ്.2004 മെയ് മാസം 14 അസാധാരണ ഗസറ്റായി പ്രസിദ്ധീകരിച്ചത് ഇറങ്ങിയത് മെയ് മാസം 18 ആണ്. അതിനുശേഷം ഈ സഭയിൽ 25-6-2004-നും 9-7-2004-നും നിങ്ങൾ ഈ എസ്. ആർ. ഒ.-കൾ വച്ചപ്പോഴും,

LIBRARY ARCHIVES Kerala Legislative Assembly